എൻ. ജി. ഒ. മാരുടെ ഡീയർനെസ്സ് അലവൻസ്സ്.

* 54. [29] ശ്രീ. പാറയിൽ ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എൻ. ജി. ഒ. മാരുടെ പേ സ്ലെയിൽസ്സ് സ്റ്റേറ്റടിസ്ഥാനത്തിൽ റിവൈസ്സ് ചെയ്തതെന്നാണ് ;

(ബി) അതിനശേഷം കാസ്റ്റ് ആഫ് ലിവിംഗ് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട് ;

(സി) ഈ വർദ്ധനവിനനുസൃതമായി എൻ. ജി. ഒ. മാരുടെ ഡീയർനെസ്സ് അലവൻസ്സ് വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1958 ഏപ്രിൽ 1-ാം തീയതി.
(ബി) 31 ശതമാനം.
(സി) ഡീയർനെസ്സ് അലവൻസ്സ് വർദ്ധിപ്പിക്കുവാൻ സ്റ്റേറ്റിന്റെ ഇപ്പോഴത്തെ സാമ്പത്തികനില അനുവദിക്കുന്നില്ല.

UNSTARRED QUESTION AND ANSWERS

യന്ത്രവൽകൃത ബോട്ടുകൾ

4. [2] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷിംഗിനുവേണ്ടി എത്ര യന്ത്രവൽകൃത ബോട്ടുകൾ 1963 ഡിസംബർ 31 വരെ വിതരണം ചെയ്തു ;

(ബി) കൂടുതൽ ബോട്ടുകൾ നൽകുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാം ?

ഉത്തരം.

(എ) 316.
(ബി) ബോട്ടുകളിൽ ഘടിപ്പിക്കുന്നതിനുള്ള എഞ്ചിനുകൾ ഇറക്കുമതി ചെയ്യുന്നതിന വേണ്ടിവരുന്ന വിദേശനാണ്യത്തിന്റെ ദൗർലഭ്യംമൂലം കൂടുതൽ ബോട്ടുകൾ നിർമ്മിക്കുവാൻ സാധിക്കുന്നില്ല. നോർവീജിയൻ ഗവണ്മെന്റിന്റെ സഹകരണത്തോടുകൂടി ഒരു മറയിൽ ഡീസൽ എഞ്ചിൻ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണ്. ഈ ഫാക്ടറി സ്ഥാപിച്ചുകഴിഞ്ഞാൽ കൂടുതൽ ബോട്ടുകൾ നിർമ്മിക്കാൻ കഴിയുന്നതാണ്.

സിറ്റി ഹൈസ്കൂളിന്റെ പണി

5. [3] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പഴയ ഇഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിൽ താൽക്കാലികമായി നടത്തിവരുന്ന സിറ്റി ഹൈസ്കൂളിനു സ്വന്തമായി ഒരു കെട്ടിടം പണിയാൻ ഒരു സ്കീം ഉണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള നടപടികളെത്രത്തോളമായി ?

ഉത്തരം.

(എ) ഉണ്ടായിരുന്നു.

(ബി) അടിയന്തിരാവസ്ഥ നിമിത്തം നടപടികൾ തല്ക്കാലം മാറ്റിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly